ജലസേചനപദ്ധതികൾ

*൩൯൩. (൨൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫുഡ് പ്രൊഡക്ഷന്റെ കീഴിൽ ഇതിനകം എത്ര കുളങ്ങളും കിണറുകളും കഴിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്;

(ബി) ഏതെങ്കിലും കുളങ്ങൾക്കോ, കിണറുകൾക്കോ, ഏരികൾക്കോ ജലസേചനപദ്ധതികൾക്കോ വ്യക്തികൾക്കു പണം കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ എണ്ണം കൊടുത്തത്;

(ഡി) അക്കാണം കൊടുത്തതെന്നു പേരുവിവരം ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ;

(ഇ) അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ അതു പ്രയോജനപ്പെടുത്തിയോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കുളങ്ങൾ ൧൯; കിണറുകൾ ൨൫൫.

(ബി) ഉണ്ട്.

(സി) ഈ ജലസേചനപദ്ധതികൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലെല്ലാം കൊടുക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളതു ചിറയിൻകീഴ്, തൃശ്ശൂർ, തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്, ഈ താലൂക്കുകളിലാണ്.

(ഡി) പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ഇ) പ്രയോജനപ്പെടുത്തിയോ എന്നന്വേഷിച്ചതിനുശേഷമാണ് തുക കൂടി കൊടുക്കുന്നതു്. കുളങ്ങൾ, കിണറുകൾ മുതലായവയുടെ പണി പൂർത്തിയായതിനുശേഷമാണ് സാധാരണ പണം കൊടുത്തുവരുന്നതു്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: തലപ്പിള്ളി താലൂക്കിൽ ഈ പദ്ധതി അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർ ഈ പദ്ധതി പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: തലപ്പിള്ളി താലൂക്കുകാരും ഞങ്ങൾക്കു് ഇതു് ആവശ്യമാണെന്നു് എഴുതി അറിയിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർ ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിനു് സന്നദ്ധത പ്രകടിപ്പിച്ചിരുന്നു എങ്കിൽ അവർക്കും അനുവദിക്കുമായിരുന്നു.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താലൂക്കുകമ്മിറ്റി ശുപാർശചെയ്തിട്ടില്ല?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് കിണറുകളുടേയും കുളങ്ങളുടേയും കാര്യമാണു്. മൈനർ ഇറിഗേഷന്റെ കാര്യമല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സാധാരണ ഒരു കുളത്തിനു് എത്ര രൂപാ ചെലവാകും?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ സ്ഥലത്തും ഓരോ രീതിയിലാണു്. ൫,൨൦൦, ൫,൩൦൦, ൪൦൦ എന്നീ തുകകൾ കൊടുത്തിട്ടുണ്ടു്. ൫,൩൦൦ രൂപയ്ക്കുമേൽ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: ഇതു് ഓരോ വ്യക്തികൾക്കു കൊടുത്തിട്ടുള്ളതാണോ അതോ പൊതുവായി ആ സ്ഥലത്തിന്റെ ഉപയോഗത്തിനാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പൊതുവായി കൊടുത്തിട്ടുള്ളതാണു്. ഗവണ്മെന്റു സാങ്ക്ഷൻ അനുസരിച്ചു് അവർക്കു കിട്ടിയിട്ടുള്ളതാണു്.

List of persons to whom subsidy has been sanctoined for sinking wells

Answer to question No. 693 (25) part (d)

		Rs.	
1.	Sri. A. Ayyari Pillai, North Street, Eraviputhur, Mylady, Agasteeswarm ..	600	
2.	„ S. Ganapathia Pillai, Variyoor, Kottaram, Agasteeswaram ..	600	
3.	„ S. A. Hariharakrishna Ayyar, Land Lord, Shencottah ..	600	
4.	„ M. S. Muthuswami Pillai, Shencottah ..	600	
5.	„ S. K. Sivasubramonia Pillai, Vakil & Land Lord, Shencottah ..	600	
6.	„ K. Sankaralingom Pillai, Puthur Street, Shencottah ..	600	
7.	Rama Ayyar Narayana Ayyar, Thaliyil Bhadever, Vadasseri, Nagercoil ..	600	
8.	„ N. A. Krishna Ayyar, Retired Overseer, Nemmara, Chittur ..	1,070	for two wells
9.	„ T. K. Sankunny Menon, Thekkekunnambath, Ayyanthole, Trichur. ..	112	
10.	„ Joseph Daniel, Kalladivila, Kadiyapattam ..	600	
11.	„ S. K. Subramonia Ayyar, Vakil, Shencottah ..	600	
12.	„ N. Janardhanan, Varambu Puthen Veedu, Karikakam, Trivandrum ..	264	
13.	„ P. V. Velukaida Perumal Pillai, Vakil, Court Road, Nagercoil ..	600	
14.	„ R. Narayana Pillai, Kaithvilangathu House, Attur, Kalkulam ..	429	

അഴിമതി നിരോധനബിൽ

*൬൯൫. (൨൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) എന്നുമുതൽക്കാണു് അഴിമതിനിരോധനബിൽ നടപ്പിലായതു്;

(ബി) അന്നുമുതൽ ൧൯൫൰ അവസാനംവരെ അഴിമതികുറ്റത്തിനു ശിക്ഷിക്കപ്പെട്ടവർ ആരെല്ലാം?

Chief Minister (**Sri. C. Kesavan**): The answer is not ready, Sir.

RATION CARDS

***695.** [29] **Sri. Eapen Arakal:** Will the Hon'ble the Chief Minister be pleased to state.—

(*a*) have the Government issued strict instructions that the number of units in the ration cards of hotel owners shall not under any circumstances be increased;

(*b*) if answer to (*a*) is in the affirmative when was this decision taken?

LIBRARY ARCHIVES Kerala Legislative Assembly